പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5520 — 25.10.2011 - ൽ മറുപടിക്ക്

# പുനലൂർ - കോട്ടവാസൽ റോഡിലെ അപകടങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.രാജു | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പമന്ത്രി) |
| (എ) കൊല്ലം - തിരുമംഗലം ദേശീയ പാതയിലെ പുനലൂർ - കോട്ടവാസൽ റോഡിലെ കുഴികളിൽ വീണ് നിയന്ത്രണം തെറ്റി വാഹനങ്ങൾ അപകടത്തിൽ പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തെന്മലയ്ക്കും കോട്ടവാസലിനു മിടയിൽ ദിനംപ്രതി അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് ഈ വിഷയത്തിൽ സ്വീകരിക്കുവാൻ പോകുന്നത്; വ്യക്തമാക്കുമോ? | (സി) | കൊല്ലം റെസ്റ്റ് ഹൗസ് (0/000) മുതൽ കോട്ടവാസൽ (81/250) വരെ 81.25 കി.മി. ദൂരമാണ് ദേശീയപാത വിഭാഗത്തിന്റെ (എൻ.എച്ച്.208) അധികാരപരിധിയിൽ വരുന്നത്. 107.75 ലക്ഷം രൂപയുടെ പ്രീ മൺസൂൺ വർക്കിൽ ഉൾപ്പെടുത്തി 81.25 കി.മി. ദൂരവും കുഴികൾ അടച്ച് റോഡ് ഗതാഗതയോഗ്യമാക്കി തീർത്തിട്ടുണ്ട്. കൂടാതെ കി.മീ.10/000 മുതൽ 45/000 വരെ |

(കേരളപുരം മുതൽ പുനലൂർ വരെ) 18.80 കോടി രൂപയുടെ ഉപരിതല നവീകരണ പ്രവൃത്തി ധ്രുതഗതിയിൽ നടന്നുവരുന്നു.

കി.മീ.52/000 മുതൽ 81/250 വരെയുള്ള ഭാഗത്ത് റോഡിന്റെ പഴക്കം മൂലം ഇപ്പോൾ സംഭവിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്ന തിനും ശബരിമല സീസൺ ആരംഭിക്കുമ്പോൾ തീർത്ഥാടകരുടെ സൗകര്യർത്ഥം റോഡിന്റെ അറ്റകുറ്റ പ്പണികൾ നടത്തുന്നതിലേയ്ക്കുമായി ടെണ്ടർ നടപടി പുരോഗതിയിലാണ്. കി.മീ.45/000 മുതൽ 52/000 വരെയുള്ള ഭാഗത്ത് പുതുതായി രൂപം കൊണ്ടിട്ടുള്ള കുഴികൾ അടയ്ക്കുന്നതിന് 10 ലക്ഷം രൂപയുടെയും കി.മീ.71/400 -ൽ അടുത്തിടെ റിട്ടെയിനിംഗ് വാൾ തകർന്ന ഭാഗം പുനർ നിർമ്മിക്കുന്നതിന് 20 ലക്ഷം രൂപയുടെയും പ്രവൃത്തി ചെയ്യുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ